LIBRARY ARCHIVES Kerala Legislative Assembly

ആലപ്പുഴ ജില്ലയിലെ ബസ് സർവ്വീസ്

54 [3568] *ഡോ. തോമസ് ഐസക്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001 മേയ് മാസം മുതൽ ആലപ്പുഴ ജില്ലയിൽ പുതിയതായി ആരംഭിച്ച കെ.എസ്.ആർ.ടി.സി. സ്വകാര്യ ബസ് സർവ്വീസുകൾ ഏതെല്ലാമെന്ന് വിശദമാക്കുമോ;

(ബി) 2001 മേയ് മാസം മുതൽ ആലപ്പുഴ ജില്ലയിൽ നിറുത്തലാക്കിയ കെ.എസ്.ആർ.ടി.സി. സ്വകാര്യ ബസ് സർവ്വീസുകൾ ഏതെല്ലാം; ഇവയിൽ പുനരാരംഭിച്ച സർവ്വീസുകൾ ഏതെല്ലാമെന്നുകൂടി അറിയിക്കുമോ?

ഉത്തരം

(എ) 2001 മേയ് മാസം മുതൽ ആലപ്പുഴ ജില്ലയിലെ വിവിധ യൂണിറ്റുകളിൽ നിന്നായി കെ.എസ്.ആർ.ടി.സി. പുതുതായി 93 ഷെഡ്യൂളുകൾ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.† ഇക്കാലയളവിൽ 268 സ്വകാര്യ ബസ്സുകളും സർവ്വീസ് ആരംഭിച്ചിട്ടുണ്ട്.

(ബി) 2001 മേയ് മാസം മുതൽ ആലപ്പുഴ ജില്ലയിൽ 6 (ആറ്) സ്വകാര്യ സർവ്വീസുകൾ മാത്രം നിർത്തലാക്കി. ഇവയിൽ ഒന്നും പുനരാരംഭിച്ചിട്ടില്ല.

ഇക്കാലയളവിൽ കെ.എസ്.ആർ.ടി.സി.ക്ക് 78 ഷെഡ്യൂളുകൾ നിർത്തൽ ചെയ്യേണ്ടതായി വന്നിട്ടുണ്ട്. ഇവയിൽ 11 സർവ്വീസുകൾ പുനഃക്രമീകരിച്ചു നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

സ്പെഷ്യൽ സർവ്വീസുകൾക്ക് കെ.എസ്.ആർ.ടി.സി. ഈടാക്കുന്ന അധിക ചാർജ്

55 [3569] *ശ്രീ. കെ. സുധാകരൻ:*
,, *സി. പി. മുഹമ്മദ്:*
,, *പി. ജെ. ജോയി:*
,, *കെ. മോഹൻകുമാർ:*
,, *കെ. സി. ജോസഫ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം ക്ഷേത്രങ്ങളുടെയും പള്ളികളുടെയും ഉത്സവങ്ങളോടനുബന്ധിച്ചാണ് കെ.എസ്.ആർ.ടി.സി. സ്പെഷ്യൽ സർവ്വീസുകൾ നടത്തുന്നത്;

(ബി) ഈ സ്പെഷ്യൽ സർവ്വീസുകൾക്ക് കെ.എസ്.ആർ.ടി.സി. അധിക ചാർജ്ജ് ഈടാക്കാറുണ്ടോ; എങ്കിൽ അതിന്റെ നിരക്ക് എത്രയാണ്;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.